**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 88** **23-01-2025 - ൽ മറുപടിയ്ക്ക്**

**അട്ടപ്പാടിയിലെ ആദിവാസി ജനവിഭാഗത്തിന്റെ നിവേദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | അട്ടപ്പാടിയിലെ ആദിവാസി ജനവിഭാഗം ഏറ്റവും ഒടുവിൽ മുഖ്യമന്ത്രിയെ കണ്ട് നിവേദനം സമർപ്പിച്ചത് എന്നാണെന്ന് അറിയിക്കാമോ; പ്രസ്തുത നിവേദനത്തിലെ ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു; | (എ) | ശ്രീ. രങ്ക മൂപ്പൻ എന്നയാൾ 04/11/2024-നാണ് മുഖ്യമന്ത്രിക്ക് നിവേദനം സമർപ്പിച്ചത്.<br>പുഴ പുറമ്പോക്ക് അടക്കമുള്ള ഭൂമിയുടെ രേഖകൾ തയ്യാറാക്കുന്നതിൽ അട്ടപ്പാടി സർവ്വേ ഓഫീസിലെ ഹെഡ് സർവേയറുടെ അനധികൃത നടപടികളും, വ്യാജ ആധാരങ്ങൾ ചമയ്ക്കൽ, ഗുണ്ടാബന്ധം എന്നിവയുമാണ് പരാതിയിൽ പറഞ്ഞിട്ടുള്ളത്. |
| (ബി) | പ്രസ്തുത നിവേദനത്തിന്മേൽ എന്തെല്ലാം തുടർനടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളത്; | (ബി) | അട്ടപ്പാടി ആദിവാസി/പരിസ്ഥിതി സംരക്ഷണ സമിതി സെക്രട്ടറിയുടെ പരാതിയിൽ സർവെ ഡെപ്യൂട്ടി ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർവെയും ഭൂരേഖയും വകുപ്പ് ഡയറക്ടറുടെ 11/11/2024 ലെ DSLR/3971/2024-G7 നമ്പർ ഉത്തരവ് പ്രകാരം ഹെഡ് സർവെയർ ശ്രീ. ഷെറി എസ്.പി എന്നവരെ സർവീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുള്ളതാണ്. അനധികൃതമായി ചെയ്ത സർവെ സബ് ഡിവിഷൻ റിക്കാർഡുകൾ എല്ലാം നിരസിച്ച ഭൂരേഖ തഹസിൽദാർ ഉത്തരവായിട്ടുള്ളതാണ്. അട്ടപ്പാടി ഭൂരേഖ തഹസിൽദാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ 28/11/2024ന് ഒറ്റപ്പാലം സബ്കലക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും, കൂടാതെ സർവെ ഡെപ്യൂട്ടി ഡയറക്ടർ, റവന്യൂ വിജിലൻസ്, സർവെ ഡയറക്ടർ, ബഹു.പട്ടിക ജാതി ഗോത്ര വർഗ്ഗ കമ്മിഷൻ എന്നിവർക്ക് ഈ വിഷയത്തിൽ റിപ്പോർട്ട് നല്കിയിട്ടുണ്ട്. |
| (സി) | പ്രസ്തുത നിവേദനത്തിലെ ആവശ്യങ്ങൾ സംബന്ധിച്ച് ഏതെല്ലാം വകുപ്പുകളാണ് നാളിതുവരെ അന്വേഷണ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുള്ളത്; പ്രസ്തുത റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ; | (സി) | അട്ടപ്പാടി ആദിവാസി/പരിസ്ഥിതി സംരക്ഷണ സമിതി സെക്രട്ടറിയുടെ പരാതിയിൽ സർവെ ഡെപ്യൂട്ടി ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർവെയും ഭൂരേഖയും വകുപ്പ് ഡയറക്ടറുടെ 11/11/2024 ലെ DSLR/3971/2024- |

| | | | |
|---|---|---|---|
| | | | G7 നമ്പർ ഉത്തരവ് പ്രകാരം ഹെഡ് സർവെയർ ശ്രീ. ഷെറി എസ്.പി എന്നവരെ സർവീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുള്ളതാണ്. അനധികൃതമായി ചെയ്ത സർവെ സബ് ഡിവിഷൻ റിക്കാർഡുകൾ എല്ലാം നിരസിച്ച ഭൂരേഖ തഹസിൽദാർ ഉത്തരവായിട്ടുള്ളതാണ്. അട്ടപ്പാടി ഭൂരേഖ തഹസിൽദാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ 28/11/2024ന് ഒറ്റപ്പാലം സബ്കലക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും, കൂടാതെ സർവെ ഡെപ്യൂട്ടി ഡയറക്ടർ, റവന്യൂ വിജിലൻസ്, സർവെ ഡയറക്ടർ, ബഹു.പട്ടിക ജാതി ഗോത്ര വർഗ്ഗ കമ്മിഷൻ എന്നിവർക്ക് ഈ വിഷയത്തിൽ റിപ്പോർട്ട് നല്കിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ഡി) | അട്ടപ്പാടി ആദിവാസി/പരിസ്ഥിതി സംരക്ഷണ സമിതി സെക്രട്ടറിയുടെ പരാതിയിൽ സർവെ ഡെപ്യൂട്ടി ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർവെയും ഭൂരേഖയും വകുപ്പ് ഡയറക്ടറുടെ 11/11/2024 ലെ DSLR/3971/2024-G7 നമ്പർ ഉത്തരവ് പ്രകാരം ഹെഡ് സർവെയർ ശ്രീ. ഷെറി എസ്.പി എന്നവരെ സർവീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുള്ളതാണ്. അനധികൃതമായി ചെയ്ത സർവെ സബ് ഡിവിഷൻ റിക്കാർഡുകൾ എല്ലാം നിരസിച്ച ഭൂരേഖ തഹസിൽദാർ ഉത്തരവായിട്ടുള്ളതാണ്. അട്ടപ്പാടി ഭൂരേഖ തഹസിൽദാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ 28/11/2024ന് ഒറ്റപ്പാലം സബ്കലക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും, കൂടാതെ സർവെ ഡെപ്യൂട്ടി ഡയറക്ടർ, റവന്യൂ വിജിലൻസ്, സർവെ ഡയറക്ടർ, ബഹു.പട്ടിക ജാതി ഗോത്ര വർഗ്ഗ കമ്മിഷൻ എന്നിവർക്ക് ഈ വിഷയത്തിൽ റിപ്പോർട്ട് നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ